**അറിയിപ്പ്**

ചട്ടം വേവ് ചെയ്യുന്നത് സംബന്ധിച്ച്

മി. സ്പീക്കർ: ഓർഡർ...ഓർഡർ. ഇന്നത്തെ കാര്യപരിപാടി അനുസരിച്ച് ഉച്ചയ്ക്കുശേഷം 1.00 മണി മുതൽ 2.00 മണി വരെ 2019-ലെ കേരള ധനവിനിയോഗ (4-ാം നമ്പർ) ബില്ലിന്റെ പരിഗണനയ്ക്കായാണ് ഷെഡ്യൂൾ ചെയ്തിരിക്കുന്നത്. എന്നാൽ പ്രായോഗികതയുടെ അടിസ്ഥാനത്തിൽ സഭയുടെ അനുമതിയോടെ ചട്ടം 151 (2)-ന് ഇളവ് വരുത്തി ധനവിനിയോഗ ബില്ലിന്റെ പരിഗണന ഇന്ന് പരിഗണിക്കാനിരിക്കുന്ന രണ്ട് ബില്ലുകളുടെയും പരിഗണന പൂർത്തീകരിച്ചതിനുശേഷം നടത്തുന്നതാണ്.

നമുക്ക് ആകാശത്തിന് താഴെയുള്ള എല്ലാ കാര്യത്തെക്കുറിച്ചും പറയാനുള്ള പ്രാഗത്ഭ്യമുണ്ട്. എന്നാൽ ആ പ്രാഗത്ഭ്യം മുഴുവൻ തെളിയിക്കാതെ വിഷയത്തിൽ നിന്നുകൊണ്ട് സംസാരിക്കണം. ബില്ലിന്റെ ചർച്ചയിലും സമയപരിധിയുണ്ട്,